## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 609 — 9/07/2014-ൽ മറുപടിക്ക്

# ഓൺലൈൻ സേവനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, കെ. ശിവദാസൻ നായർ<br>'' ഐ.സി. ബാലകൃഷ്ണൻ<br>'' പി.എ. മാധവൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതുൾപ്പെടെയുള്ള സേവനങ്ങൾ ഓൺലൈൻ വഴി നൽകുന്ന പദ്ധതി വൈദ്യുതി ബോർഡ് വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതുൾപ്പെടെയുള്ള സേവനങ്ങൾ ഓൺലൈനായി നൽകുന്ന പദ്ധതികൾ വൈദ്യുതി ബോർഡ് വിഭാവനം ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത ആർ.എ.പി.ഡി.ആർ.പി. (RAPDRP) വിവര സാങ്കേതികവിദ്യ പദ്ധതികൾ വൈദ്യുതി വിതരണരംഗത്ത് നടപ്പിലാക്കുന്നതോടുകൂടി സംസ്ഥാനത്തുടനീളം ഈ സംവിധാനം നിലവിൽ വരും. അതിന്റെ ഭാഗമായി ഓൺലൈനായി സേവനങ്ങൾ നൽകുന്ന പദ്ധതികൾ നടപ്പിലാകും. പദ്ധതി സമയബന്ധിതമായി 2014 നവംബറോടുകൂടി പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്. |
| (ബി) ഇതിനായി എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) കേന്ദ്ര സർക്കാർ, വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 50,000 കോടി രൂപ എല്ലാ സംസ്ഥാനങ്ങൾക്കുമായി ധനസഹായം നൽകുവാൻ വിഭാവനം ചെയ്തിരിക്കുന്നു. മേൽപ്പറഞ്ഞ തുകയിൽ 10,000 കോടി രൂപയാണ് എല്ലാ സംസ്ഥാനങ്ങൾക്കുമായി വൈദ്യുതി വിതരണ മേഖലയിൽ വിവര സാങ്കേതിക വിദ്യ നടപ്പിലാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനായി കേരളത്തിന് 214.38 കോടി രൂപ കേന്ദ്ര സഹായമായി അംഗീകരിച്ചിട്ടുണ്ട്. |

(.....2)

| | |
|---|---|
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ; | (സി) പദ്ധതിയുടെ നോഡൽ ഏജൻസിയായി പവർ ഫിനാൻസ് കോർപ്പറേഷനെയാണ് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. പദ്ധതിയുടെ സാങ്കേതിക മേൽനോട്ടം നിർവ്വഹിക്കുകയും ഏജൻസികളുടെ തിരഞ്ഞെടുപ്പ് പ്രക്രിയ ചട്ട പ്രകാരമാണെന്ന് ഉറപ്പ വരുത്തുകയും പണം അനുവദിക്കുന്നതുൾപ്പെടെയുള്ള പദ്ധതിയുമായി ബന്ധപ്പെട്ട മുഴുവൻ മേൽനോട്ടവും പവർ ഫിനാൻസ് കോർപ്പറേഷനാണ്. പവർ ഫിനാൻസ് കോർപ്പറേഷൻ എംപാനൽ ചെയ്ത സ്ഥാപനങ്ങൾക്ക് മാത്രമേ ഈ പദ്ധതിയുടെ ടെണ്ടറിൽ പങ്കെടുക്കാൻ കഴിയുകയുള്ളൂ. കേരളത്തിലെ ഐ.ടി പ്രോജക്ടുകളുടെ കൺസൾട്ടൻസി കരാർ ഡൽഹി ആസ്ഥാനമായുള്ള ഫീഡ്ബാക്ക് ഇൻഫ്രാ എന്ന ഏജൻസിയും പദ്ധതി നടത്തിപ്പ് കൊറിയൻ ആസ്ഥാനമായുള്ള കെപ്കോ കെ.ഡി.എൻ എന്ന ഏജൻസിയെയുമാണ് ഏൽപ്പിച്ചിട്ടുള്ളത്. |
| (ഡി) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിനായി ചീഫ് എൻജിനീയർ (ഐ.ടി) ഓഫീസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരളമൊട്ടാകെയുള്ള പദ്ധതി നിർവ്വഹണത്തിനു വേണ്ടി വിതരണവിഭാഗത്തിലെ 43 ഉന്നത ഉദ്യോഗസ്ഥരെ നോഡൽ ഓഫീസർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായിട്ടുള്ള ഡാറ്റാ സെന്റർ, കസ്റ്റമർ കെയർ സെന്റർ എന്നിവയുടെ നിർമ്മാണം പൂർത്തിയായി. ഡാറ്റാ റിക്കവറി സെന്ററിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. ഈ പദ്ധതിയുടെ ഭാഗമായിട്ടുള്ള സോഫ്റ്റ് വെയറുകൾ പൂർത്തീകരിക്കുന്നതിനു വേണ്ടി ഓരോ മേഖലയിലും പ്രാവീണ്യമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പത്തോളം ഫംഗ്ഷണൽ കമ്മിറ്റികൾ രൂപീകരിച്ചു പ്രവർത്തിച്ചുവരുകയാണ്. |

സെക്ഷൻ ഓഫീസർ